## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.3125 — 18/06/2019 ൽ മറുപടിക്ക്

## സർവ്വേയും ഭൂരേഖയും വകുപ്പിലെ ഒഴിവുകൾ

**ചോദ്യം**

**ശ്രീ.എൽദോ എബ്രഹാം**

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ എത്രയെന്ന് തസ്തിക തിരിച്ച് അറിയിക്കാമോ; | (എ) യും (ബി) യും | സർവ്വേയും ഭൂരേഖയും വകുപ്പിൽ നിലവിലുള്ള ഒഴിവുകൾ , അവ നിലവിൽ വന്ന തീയതി, അവ യഥാസമയം നികത്താൻ കഴിയാത്തതിന്റെ കാരണം തുടങ്ങിയവ സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത ഒഴിവുകൾ എന്നുമുതലാണ് നിലവിൽ വന്നതെന്നും ആയത് യഥാസമയം നികത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | തസ്തിക | ഒഴിവുകൾ | ഒഴിവുകൾ നിലവിൽ വന്ന തീയതി | ഒഴിവുകൾ നികത്താൻ കഴിയാത്തതിന്റെ കാരണങ്ങൾ |
|---|---|---|---|---|
| 1 | റീജിയണൽ ജോയിന്റ് ഡയറക്ടർ | 1 | 01/06/2018 | സർവ്വെ വകുപ്പിൽ സ്ഥാനക്കയറ്റവുമായി ബന്ധപ്പെട്ട് കോടതി വിധികളുടെ അടിസ്ഥാനത്തിൽ പലഘട്ടങ്ങളിലായി താൽക്കാലിക സ്ഥാനക്കയറ്റങ്ങൾ നൽകേണ്ടി വരികയും ആയത് സർവ്വെ സൂപ്രണ്ട് മുതൽ മുകളിലോട്ടുള്ള തസ്തികകളിലെ സീനിയോറിറ്റിയെ ബാധിക്കുകയും വിവിധങ്ങളായ തർക്കങ്ങൾ നിലനിൽക്കുകയും ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഇവിടെ പരാമർശിക്കപ്പെട്ടിട്ടുള്ള തസ്തികകളിലെ സീനിയോറിറ്റി സംബന്ധിച്ച കരട് പട്ടിക തയ്യാറാക്കി, ഡി.പി.സി കൂടി അർഹതപ്പെട്ടവർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനാണ് നിലവിൽ തീരുമാന മെടുത്തിട്ടുള്ളത്. ടി സീനിയോറിറ്റി ലിസ്റ്റ് അടിയന്തിരമായി തയ്യാറാക്കുന്നതിനുള്ള നിർദ്ദേശം സർവ്വേ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സീനിയോറിറ്റി ലിസ്റ്റ് സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുക, അർഹരായ ജീവനക്കാർക്ക് സ്ഥാനക്കയറ്റം നൽകുന്നതിനായി ഡി.പി.സി യോഗം കൂടുക തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | ഡെപ്യൂട്ടി ഡയറക്ടർ | 7 | 01/06/2015-1<br>01/03/2016-2<br>01/05/2017-1<br>01/06/2017-2<br>01/11/2018-1 | |
| 3 | അസിസ്റ്റന്റ് ഡയറക്ടർ | 10 | 06/05/2015-1<br>01/06/2016-2<br>01/06/2017-2<br>01/03/2018-4<br>28/01/2019-1 | |
| 4 | ടെക്നിക്കൽ അസിസ്റ്റന്റ് | 4 | 31/05/2018-1<br>31/07/2018-2<br>30/04/2019-1 | |
| 5 | സർവ്വേ സൂപ്രണ്ട് | 12 | 30/04/2017-2<br>31/05/2017-1<br>31/08/2017-1<br>31/05/2018-2<br>30/06/2018-1<br>31/10/2018-2<br>31/03/2019-3 | |

| | | | | |
|---|---|---|---|---|
| 6 | ഹെഡ് സർവ്വേയർ | 5 | 31/01/2019-1<br>31/03/2019-1<br>31/05/2019-3 | ഈ ഒഴിവുകൾ സ്ഥാനക്കയറ്റം മുഖാന്തിരം നടത്തേണ്ടതും ആയതിന്റെ തുടർനടപടികൾ സർവ്വെ വകുപ്പിൽ സ്വീകരിച്ചുവരുന്നതുമാണ്. |
| 7 | ഹെഡ് ഡ്രാഫ്റ്റ്സ്മാൻ | 4 | 31/03/2019-1<br>31/05/2019-3 | |
| 8 | സർവ്വെയർ | 82 | 16/08/2017-14<br>07/02/2018-2<br>18/10/2018-2<br>21/02/2019-64 | നിലവിൽ റവന്യൂ വകുപ്പ് മുഖാന്തിരം നടക്കുന്ന റീസർവ്വേ നടപടികളുടെ ഭാഗമായി ജോലിക്രമീകരണ വ്യവസ്ഥയിൽ റവന്യൂ വകുപ്പിൽ തുടരുന്ന ഈ തസ്തികകൾ ഉൾപ്പെടുന്ന 942 തസ്തികകൾ അധികമാണെന്ന് ധനകാര്യവകുപ്പ് കണ്ടെത്തുകയും, ടി തസ്തികകൾ സർവ്വേ വകുപ്പിൽ വിരമിക്കൽ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ രീതികളിൽ ഉണ്ടായിത്തീരുന്ന ഒഴിവുകളിൽ അക്കോമഡേറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബാക്കി ഒഴിവുകൾ സംബന്ധിച്ച് പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം അടിയന്തിരപ്രാധാന്യം നൽകി പരിശോധിച്ച വരികയാണ്. ആയതിൽ അന്തിമ തീരുമാനം എടുക്കുന്ന മുറയ്ക്ക് മാത്രമേ പി.എസ്.സി-യ്ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ കഴിയുകയുള്ളൂ. |
| 9 | ഡ്രാഫ്റ്റ്സ്മാൻ | 34 | 31/10/2017-19<br>30/11/2017-1<br>31/01/2018-1<br>31/05/2018-2<br>05/07/2018-5<br>31/07/2017-2<br>31/10/2018-1<br>31/03/2019-1<br>31/05/2019-2 | |
| 10 | ബൈന്റർ | 3 | 01/06/2018-1<br>22/09/2018-1<br>03/10/2018-1 | |
| 11 | ജൂനിയർ സൂപ്രണ്ട്/ഡെപ്യൂട്ടി തഹസിൽദാർ | 1 | 30/04/2019-1 | ഈ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം സ്വീകരിച്ചുവരുന്നു. |
| 12 | സീനിയർ ക്ലാർക്ക് | 1 | 30/05/2019-1 | |
| 13 | ക്ലാർക്ക് | 1 | 30/06/2018-1 | |

| | | | | |
|---|---|---|---|---|
| 14 | ചെയിൻമാൻ | 2 | 08/10/2018-1<br>01/06/2019-1 | ടി ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ സർവ്വെ വകുപ്പിൽ സ്വീകരിച്ചുവരുന്നു |
| 15 | ഡ്രൈവർ | 2 | 24/04/2019-1<br>01/06/2019-1 | |
| 16 | ട്രേസർ | 11 | 12/03/2018-1<br>26/04/2018-3<br>22/06/2018-6<br>12/02/2019-1 | ടി തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം, ബൈട്രാൻഫർ നിയമനം എന്നിങ്ങനെ സ്പെഷ്യൽ റൂൾസിൽ പ്രതിപാദിച്ചിട്ടുള്ളതാണ്. എന്നാൽ നേരിട്ടുള്ള നിയമനം ബൈട്രാൻഫർ സംബന്ധിച്ചുള്ള അനുപാതം സംബന്ധിച്ച് സ്പഷ്ടീകരണത്തിനായുള്ള സർവ്വേ ഡയറക്ടറുടെ പ്രൊപ്പോസൽ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ